YEARS OF
CELEBRATING
THE MAHATMA

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം: 651/2020/വിസി. തിയതി: 06.03.2020

## ദർഘാസ് പരസ്യം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിലെ യാത്രാ ആവശ്യങ്ങൾക്ക് കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നതിനായി 10 വർഷത്തിൽ താഴെമാത്രം പഴക്കമുള്ള താഴെപ്പറയുന്ന വാഹനങ്ങളുടെ ഉടമകൾ/ട്രാവൽ ഏജൻസികളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി കരാർ ഉടമ്പടി തിയതി മുതൽ 11 മാസക്കാലത്തേക്കായിരിക്കും.

| | |
|---|---|
| 1) ബസുകൾ (33 സീറ്റ്) | - 2 എണ്ണം |
| 2) ക്രൂയിസർ/ട്രാവലർ (12 സീറ്റ്) | - 2 എണ്ണം |
| 3) കാറുകൾ (5 സീറ്റ്) | - 2 എണ്ണം |

മുകളിൽ കാണിച്ച തരം വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നതിന് കിലോ മീറ്ററിനുള്ള നിരക്ക് കാണിച്ചു കൊണ്ട്, സീൽ ചെയ്ത ദർഘാസുകൾ **17.03.2020 ന് 2 മണിയ്ക്ക്** മുമ്പായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല, വാക്കാട്, പറവണ്ണ, തിരൂർ - 676 502 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

നിരതദ്രവ്യമായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരൂർ ടൗൺ ബ്രാഞ്ചിൽ മാറാവുന്ന 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഓരോ ഇനം വാഹനത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷയും നിരതദ്രവ്യവും സമർപ്പിക്കേണ്ടതാണ്.

വാഹനങ്ങളുടെ ദർഘാസിനൊപ്പം അവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആർ.സി ബുക്ക്, ഇൻഷൂറൻസ് പോളിസി സർട്ടഫിക്കറ്റ്, നികുതി അടച്ച രശീതി, പുക പരിശോധന സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപകർപ്പുകൾ സമർപ്പിക്കണം. ഇവ ഉൾക്കൊള്ളിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും.

ദർഘാസുകൾ **17.03.2020 ന് 3 മണിയ്ക്ക്** തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ ക്വാട്ടു ചെയ്ത വ്യക്തി/സ്ഥാപനത്തിന് ദർഘാസ് അനുവദിക്കുന്നതുമായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമാണ്.

കരാർ ലഭിക്കുന്ന ഉടമ/ഏജൻസി സർവകലാശാലയുമായി മുദ്രപത്രത്തിൽ കരാർ ഉടമ്പടി വെക്കേണ്ടതും **01.04.2020 മുതൽ** തന്നെ വാഹനം ഓടിക്കുവാൻ തയ്യാറായിരിക്കേണ്ടതുമാണ്. ദർഘാസിനൊപ്പം സമർപ്പിച്ച ആർ.സി. ബുക്ക്, ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് എന്നീ രേഖകളിൽ പറഞ്ഞിരിക്കുന്ന വാഹനങ്ങൾ മാത്രമേ നിർബന്ധമായും യാത്രാ ആവശ്യങ്ങൾക്കായി സർവകലാശാലയിൽ ഓടിക്കുവാൻ അനുവദിക്കുകയുള്ളൂ. കരാറിൽ പറയാത്ത വാഹനങ്ങൾ ഉപയോഗിക്കുന്ന പക്ഷം ഉടമ/ഏജൻസിയുമായുള്ള കരാർ നിരുപാധികം റദ്ദാക്കുന്നതായിരിക്കും.

**"വാഹനത്തിന്റെ ടെണ്ടർ"** എന്ന് ടെണ്ടർ അടങ്ങിയ കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടർ അനുവദിച്ചു കിട്ടുകയാണെങ്കിൽ **01.04.2020 മുതൽ** വാഹനം സർവകലാശാല നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി ഓടിക്കുവാൻ തയ്യാറാണെന്നുള്ള പ്രസ്താവന ടെണ്ടറിനൊപ്പം വയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ മലയാളസർവകലാശാല ഓഫീസിൽ നിന്ന് നേരിട്ടോ, **www. malayalamuniversity.edu.in** എന്ന വെബ്സൈറ്റിലോ, 0494-2631230 എന്ന ടെലഫോൺ നമ്പറിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്

1. മലയാളസർവകലാശാല വെബ്സൈറ്റ്
2. മലയാളസർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്
3. തിരൂർ മുനിസിപ്പാലിറ്റി ഓഫീസ് 4. തിരുനാവായ/മംഗലം പഞ്ചായത്ത് ഓഫീസ്
5. വെട്ടം പഞ്ചായത്ത് ഓഫീസ്

RA/2020/Quot. (Aj)